തിരുവനന്തപുരം ജില്ലയിൽ പ്രിവന്റീവ് ഓഫീസർമാരുടെ നിയമനം

137 (3647) ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. എം. വി. ശ്രേയാംസ് കുമാർ :
ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഉറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എക്സൈസ് ആസ്ഥാനത്ത് പ്രിവന്റീവ് ഓഫീസർമാരെ നിയമിക്കുന്നതുമായി ബന്ധപ്പെട്ട് കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 30/06/2015 തീയതിയിലെ ഒ.എ(ഇ.കെ.എം)-488/2014 നമ്പർ ഉത്തരവ് നടപ്പാക്കുന്നതിൽ വീഴ്ച ഉണ്ടായിട്ടുണ്ടോയെന്ന് പരിശോധിക്കുമോ;

(ബി) 2015 നവംബർ മാസം അവസാനം തിരുവനന്തപുരം ജില്ലയിൽ പ്രിവന്റീവ് ഓഫീസർ തസ്തികയിൽ സ്ഥാനക്കയറ്റം മൂലമുണ്ടായ ഒഴിവുകൾ നികത്തിയത് എപ്രകാരമാണെന്നും പ്രസ്തുത ട്രൈബ്യൂണലിന്റെ ഉത്തരവ് നടപ്പിലാക്കാൻ കഴിഞ്ഞുവോയെന്നും വ്യക്തമാക്കുമോ;

(സി) എക്സൈസ് ആസ്ഥാനത്ത് ബോർഡ് സർവ്വീസിൽ കാലാവധി പൂർത്തിയാക്കിയ തിരുവനന്തപുരം ജില്ലയിലെ പ്രിവന്റീവ് ഓഫീസർമാരെ അതേ ലാവണത്തിൽ തന്നെ തുടരുവാൻ അനുവദിച്ചിരിക്കുന്നത് ഏത് മാനദണ്ഡത്തിലാണ്; വ്യക്തമാക്കുമോ;

(ഡി) എക്സൈസ് ആസ്ഥാനത്തെ ബോർഡ് സർവ്വീസിൽ ഇടുക്കി ഉൾപ്പെടെയുള്ള ഇതര ജില്ലകളിലെ പ്രിവന്റീവ് ഓഫീസർമാരെ നിയമിക്കുന്നതിൽ എന്തെങ്കിലും തടസ്സങ്ങൾ ഉണ്ടോയെന്നും പ്രസ്തുത ഓഫീസർമാർക്ക് അർഹമായ നിയമ പ്രാതിനിധ്യം നൽകുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോയെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 30-6-2015-ലെ ഒ.എ (ഇ.കെ.എം) 488/2014 നമ്പർ ഉത്തരവ് റിവ്യൂ ചെയ്യുന്നതിനായി ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ റിവ്യൂ പെറ്റീഷൻ ഫയൽ ചെയ്യുവാൻ അഡ്വക്കേറ്റ് ജനറലിനോട് ആവശ്യപ്പെട്ടിട്ടുള്ളതിനാൽ പ്രസ്തുത ഉത്തരവ് ഇതുവരെ നടപ്പിലാക്കിയിട്ടില്ല.

(ബി) 2015 നവംബർ മാസം അവസാനം തിരുവനന്തപുരം ജില്ലയിൽ ഉണ്ടായ പ്രിവന്റീവ് ഓഫീസർ തസ്തികയിലെ ഒഴിവുകൾ യോഗ്യരായ സിവിൽ എക്സൈസ് ഓഫീസർമാരിൽനിന്നും സ്ഥാനക്കയറ്റത്തിലൂടെയാണ് നികത്തിയിട്ടുള്ളത്. ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ ഉത്തരവിനെതിരെ റിവ്യൂ പെറ്റീഷൻ ഫയൽ ചെയ്യുവാൻ അഡ്വക്കേറ്റ് ജനറലിനോട് ആവശ്യപ്പെട്ടിട്ടുള്ളതിനാൽ പ്രസ്തുത ഉത്തരവ് ഇതുവരെ നടപ്പിലാക്കിയിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

(സി&ഡി) ഇടുക്കി ഡിവിഷൻ ഉൾപ്പെടെയുള്ള വിദൂര ജില്ലകളിൽനിന്നും എക്സൈസ് ഹെഡ്ക്വാർട്ടേഴ്സിൽ ബോർഡ് യൂണിറ്റിലേക്ക് സേവനം ചെയ്യാൻ പ്രിവന്റീവ് ഓഫീസർമാർ തയ്യാറാകാതിരുന്നതിനെത്തുടർന്ന് ടി ഒഴിവുകൾ ഭരണസൗകര്യാർത്ഥം തിരുവനന്തപുരം ഡിവിഷനിൽ നൽകിയിട്ടുണ്ട്. മറ്റ് പല ജില്ലകളിലേയും പ്രിവന്റീവ് ഓഫീസർമാർക്ക് നിലവിലെ ചട്ട പ്രകാരം ഹെഡ്ക്വാർട്ടേഴ്സിൽ നിയമനം നൽകി വരുന്നുണ്ട്. 30-6-2015-ലെ ഒ.എ (ഇ.കെ.എം) 488/2014 നമ്പർ ഉത്തരവിനെതിരെ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ ഫയൽ ചെയ്യപ്പെട്ടുന്ന റിവ്യൂ പെറ്റീഷന് കോടതിയിൽനിന്നും ലഭിക്കുന്ന അന്തിമ വിധിക്കനുസൃതമായി ഈ വിഷയത്തിൽ തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

വ്യോമ നിരീക്ഷണ സംവിധാനം

138 (3648) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി :
ശ്രീ. സി. മോയിൻ കുട്ടി :
ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക് :
ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തീര സുരക്ഷയും, തീരപ്രദേശങ്ങളിലെ തന്ത്രപ്രധാന സ്ഥാപനങ്ങളുടെ സുരക്ഷയും ലക്ഷ്യമിട്ടുള്ള വ്യോമ നിരീക്ഷണ സംവിധാനം സ്ഥാപിക്കുന്നതിനുള്ള നടപടികൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിനായി ഏതെല്ലാം കേന്ദ്രങ്ങളാണ് പരിഗണനയിലുള്ളതെന്ന് വെളിപ്പെടുത്തുമോ;

(സി) കേന്ദ്ര സർക്കാരിൽനിന്നും പ്രസ്തുത പദ്ധതിക്ക് ധനസഹായം ലഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ സഹായവാഗ്ദാനമുണ്ടോ എന്ന വസ്തുത വ്യക്തമാക്കുമോ?

ഉത്തരം

(എ) തീരസുരക്ഷ ലക്ഷ്യമാക്കി 2002 മുതൽ കോസ്റ്റ് ഗാർഡ് പരിമിതമായ രീതിയിൽ വ്യോമ നിരീക്ഷണം ഏർപ്പെടുത്തിയിട്ടുണ്ട്. വ്യോമ നിരീക്ഷണം പൂർണ്ണതോതിൽ ഉപയോഗപ്പെടുത്തുന്നതിനായി നിലവിലെ വിമാനത്താവളങ്ങൾ കേന്ദ്രീകരിച്ച് 'എയർ എൻക്ലേവ്' സ്ഥാപിക്കുന്നതിന് കേന്ദ്ര സർക്കാർ കോസ്റ്റ് ഗാർഡിന് അനുമതി നൽകിയിട്ടുണ്ട്. എന്നാൽ സംസ്ഥാന സർക്കാരിന്റെ കീഴിലുള്ള കോസ്റ്റൽ പോലീസിന് വ്യോമ നിരീക്ഷണ സംവിധാനം ലഭ്യമാക്കിയിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly